## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1273 04.12.2014-ൽ മറുപടി

## നാമനിർദ്ദേശ പത്രികയുടെ ഭാഗമായി നൽകിയ സ്വത്തുവിവരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.എ.മാധവൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടുക്കി നിയോജക മണ്ഡലത്തിലെ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ച ശ്രീ.ജോയ്സ് ജോർജ്ജ് നാമ നിർദ്ദേശ പത്രികയുടെ ഭാഗമായി നൽകിയ സ്വത്തു വിവരങ്ങളിൽ ഉൾപ്പെട്ട കോട്ടകമ്പൂരിലെ അദ്ദേഹത്തിന്റെ പേരിലുള്ള ഭൂമിയെ സംബന്ധിച്ച വിവാദങ്ങൾ അന്വേഷിക്കുന്നതിന് ഉന്നത സംഘത്തെ ചുമതലപ്പെടുത്തിയിരുന്നോ; | എ, ബി, സി & ഡി<br><br>കുറിഞ്ഞിമല സാങ്ച്വറിയിലെയും വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിലെയും സർക്കാർ ഭൂമി കൈയ്യേറ്റങ്ങളും, അനധികൃത പ്രവർത്തനങ്ങളും സംബന്ധിച്ച് അന്വേഷിക്കുന്നതിനായി ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.നിവേദിത പി.ഹരന്റെ നേതൃത്വത്തിൽ 03.05.2014-ലെ സർക്കാർ ഉത്തരവ് (കൈ) നം.177/2014/റവ.പ്രകാരം അന്വേഷണ സംഘം രൂപവത്കരിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | ഉണ്ടെങ്കിൽ ഈ അന്വേഷണ സംഘത്തിന്റെ പ്രധാന ചുമതല ആർക്കായിരുന്നു എന്നും ഇവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ; | |
| (സി) | പ്രസ്തുത റിപ്പോർട്ടിൽ ഏതെല്ലാം നിയമലംഘനങ്ങൾ നടന്നതായിട്ടാണ് സൂചന; ഇതിന്മേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്നും അറിയിക്കാമോ; | |
| (ഡി) | പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | |

C.K.V. [signature]

സെക്ഷൻ ഓഫീസർ